(ഇ) ഇടുക്കി കാർഡമം ഹിൽ റിസർവ്(CHR) ഭൂമിയുടെ റീ-സർവ്വേയുമായി ബന്ധപ്പെട്ട് 4-6-2013-ന് എംപവേർഡ് കമ്മിറ്റിയെടുത്ത തീരുമാനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ; പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

2008-ന് മുമ്പ് നികത്തിയ നെൽ വയലുകൾ

203 (1285) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ന് മുമ്പ് നികത്തിയ നെൽ വയലുകൾ കരഭൂമിയാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾക്കു സർക്കാർ രൂപം നൽകിയിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ന്യായവില സർക്കാർ എങ്ങനെയാണ് കണക്കാക്കുന്നത്; വ്യക്തമാക്കാമോ;

(സി) 2008-നു മുമ്പ് അനധികൃതമായി എത്ര ഏക്കർ വയലുകളാണ് നികത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ എത്ര കോടി രൂപയാണ് വരുമാനം പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് പരിവർത്തനപ്പെടുത്തിയ നെൽവയലുകൾക്ക് ഫീസ് ഈടാക്കി ക്രമവത്ക്കരിക്കുന്നതിനുള്ള ആക്ട് നിലവിൽ വന്നുകഴിഞ്ഞു. അത്തരം ഭൂമികളുടെ ന്യായവിലയുടെ 25% ഫീസ് ഈടാക്കിക്കൊണ്ട് ക്രമവത്ക്കരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) 1959-ലെ കേരള മുദ്രപത്ര നിയമത്തിലെ 28 എ വകുപ്പുപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ന്യായവിലയോ പ്രസ്തുത ഭൂമിയുടെ ന്യായവില പ്രസിദ്ധപെടുത്തിയിട്ടില്ലെങ്കിൽ സമീപപ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ ന്യായവിലയോ അടിസ്ഥാനമാക്കിയാണ്.

(സി&ഡി) ക്രമവൽക്കരിക്കാനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ പൂർണ്ണമായ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly